# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1116.** **21.03.2013 – ലെ മറുപടിക്ക്.**

## ഹയർ സെക്കന്ററി പരീക്ഷാ നടത്തിപ്പിലെ പാകപ്പിഴ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഈ വർഷം ഹയർ സെക്കണ്ടറി പരീക്ഷ നടത്തിപ്പിൽ വ്യാപകമായ താളപ്പിഴകൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | സ്കൂൾതല പരീക്ഷയ്ക്കൊപ്പം ഹയർ സെക്കണ്ടറി പൊതു പരീക്ഷയും നടത്താൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | ഹയർസെക്കന്ററി ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നീ ഉദ്യോഗസ്ഥതലങ്ങളിൽ നടത്തിയ ചർച്ചകൾക്കുശേഷം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഹയർസെക്കന്ററി പരീക്ഷാ ടൈംടേബിൾ ക്രമീകരിച്ചിട്ടുള്ളത്. |
| (സി) | പരീക്ഷയ്ക്ക് അധ്യാപകരെ ചുമതലപ്പെടുത്തുന്ന നടപടികൾ ഹയർ സെക്കണ്ടറി റീജിയണൽ ഡയറക്ടറേറ്റ് തലത്തിലാണോ ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിലാണോ നിർവ്വഹിക്കുന്നത് എന്ന് വിശദമാക്കാമോ; | (സി) | ഹയർസെക്കന്ററി പരീക്ഷാ ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിലാണ്. |

(ഡി) എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരെ അതത് സ്കൂളിൽ തന്നെ ഡ്യൂട്ടിയ്ക്ക് നിയമിക്കുന്നതും താൽക്കാലിക അധ്യാപകരെ പരീക്ഷാ ഡ്യൂട്ടിക്ക് നിയമിക്കുന്നതും പരീക്ഷാ നടത്തിപ്പിൽ സ്വീകരിച്ചുവരുന്ന കീഴ്വഴക്കമാണോ എന്നും മുൻവർഷങ്ങളിൽ ഇങ്ങനെ വ്യാപക പരാതി ഉണ്ടായിരുന്നുവോ എന്നും വ്യക്തമാക്കാമോ;

(ഡി) എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ ഹയർസെക്കന്ററി അദ്ധ്യാപകരെയും താൽക്കാലിക അദ്ധ്യാപകരെയും അതത് സ്കൂളുകളിൽ ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മാർക്ക് നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

(ഇ) പരീക്ഷാ സൂപ്രണ്ടായി നിയമിക്കപ്പെടുന്നതിന് സീനിയോറിറ്റി മാനദണ്ഡമായി പരിഗണിക്കാറുണ്ടോ ;
എങ്കിൽ സീനിയോറിറ്റി മറികടന്ന് വടകര വിദ്യാഭ്യാസജില്ലയിൽ പ്പെട്ട അരികുളം കെ. പ ി. എം. എച്ച്. എസ് - ലെ ജൂനിയർ അധ്യാപകനെ ചീഫ് സൂപ്രണ്ടായി നിയമിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ ;

(ഇ) പരീക്ഷാസൂപ്രണ്ടായി നിയമിക്കപ്പെടുന്നതിന് സീനിയോറിറ്റിയാണ് മാനദണ്ഡമായി പരിഗണിക്കുന്നത്.
ഗവൺമെന്റ്/എയിഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽമാരാണ് പരീക്ഷാസൂപ്രണ്ടുമാരായി നിയമിക്കപ്പെടുന്നത്.
ഹയർസെക്കന്ററി അദ്ധ്യാപക തസ്തികകൾ എച്ച്.എസ്.എസ്.റ്റി, എച്ച് .എസ്.എസ്.റ്റി (ജൂനിയർ) എന്നിങ്ങനെയാണ് വിഭജിച്ചിട്ടുള്ളത്.
ജൂനിയർ എന്നത് സർവ്വീസ് സീനിയോറിറ്റിയിൽ ജൂനിയർ എന്നല്ല, മറിച്ച് ഓരോ സ്കൂളിലും അനുവദിക്കപ്പെട്ട (ജോലി ഭാരത്തെ അടിസ്ഥാനപ്പെടുത്തി) തസ്തികയുടെ പേരാണ്.

വടകര അരികുളം കെ.പി.എം. ഹയർസെക്കന്ററി സ്കൂളിൽ 2010-2011 അദ്ധ്യയന വർഷത്തിലാണ് ഹയർസെക്കന്ററി കോഴ്സ് ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത ഹയർസെക്കന്ററി സ്കൂളിൽ പ്രിൻസിപ്പൽ നിയമനം ഇനി

| | | | |
|---|---|---|---|
| | | | യും നടന്നിട്ടില്ല. പ്രസ്തുത സ്കൂളിലെ ഏറ്റവും സീനിയറായ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികകയിൽ ജോലി ചെയ്യുന്ന അദ്ധ്യാപികയാണ് പരീക്ഷാ സൂപ്രണ്ടായി നിയമിക്കപ്പെട്ടിട്ടുള്ളത് |
| (എഫ്) | ഇത് സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ? | (എഫ്) | ചോദ്യം ഉദിക്കുന്നില്ല |

സെക്ഷൻ ഓഫീസർ.